## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1473

21.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, പി. സി. വിഷ്ണുനാഥ്<br>,, പാലോട് രവി<br>,, കെ. മുരളീധരൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ; | (എ) | പി.എം.ജി.എസ്.വൈ പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച മുഴുവൻ പ്രവൃത്തികൾക്കും സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി കരാർ ഉറപ്പിക്കുവാൻ കഴിയാത്ത പ്രവൃത്തികൾക്കെല്ലാം തന്നെ 2010 ഷെഡ്യൂൾ പ്രകാരം പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾക്കെല്ലാം തന്നെ 2010 ഷെഡ്യൂൾ റേറ്റിൽ നിന്നും 42% ടെണ്ടർ പ്രീമിയം അനുവദിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ പദ്ധതിയിൽ സംസ്ഥാനത്തിന് ലഭിച്ച വിഹിതം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവായതിനാൽ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി കൂടുതൽ പ്രവൃത്തി അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ 720 കി.മി. ദൈർഘ്യം വരുന്ന |

| | | | |
|---|---|---|---|
| | | | റോഡുകൾ ഏറ്റെടുക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ ഫേസ് 8 ൽ കരാർ ഉറപ്പിക്കാൻ കഴിയാത്ത പ്രവൃത്തികൾക്ക് 2012 ഷെഡ്യൂൾ നിരക്കിൽ നിന്നും 20% അധിക നിരക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര ഗ്രാമീണ റോഡുകളാണ് നിലവിലുള്ളത് ; | (ബി) | പി.എം.ജി.എസ്.വൈ പ്രകാരം 179 റോഡുകളാണ് നിലവിലുള്ളത് |
| (സി) | പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്രവും സംസ്ഥാനവും എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം നിലവിലുള്ളറോഡുകളുടെ പുനരുദ്ധാരണത്തിനായി 210.28 കോടി രൂപ കേന്ദ്രസർക്കാർ വകയിരുത്തിയിട്ടുണ്ട്. 51.87 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ഇവയുടെ നിർമ്മാണ പ്രവൃത്തികൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | നിലവിലുള്ള റോഡുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രതിമാസ സംസ്ഥാനതല അവലോകന യോഗത്തിനു പുറമെ അതാതു ജില്ലകളിൽ കൂടി പ്രതിമാസ അവലോകന യോഗം നടത്തുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ ചെയർമാനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ